## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1072 12.06.2014 -ലെ മറുപടിയ്ക്ക്

## റൂസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ:<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:<br>ശ്രീ. അൻവർ സാദത്ത്:<br>ശ്രീ. പാലോട് രവി: | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ ഗുണമേൻമ ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ (ആർ.യു.എസ്.എ.) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. റൂസ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിനു വേണ്ടിയുള്ള വ്യവസ്ഥകൾ പാലിച്ചു കൊള്ളാമെന്ന് കേന്ദ്ര സർക്കാരിന് അണ്ടർടേക്കിംഗ് നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | നിലവിലുള്ള സർവ്വകലാശാലകളുടെയും അദ്ധ്യാപകരുടെയും നിലവാരം ഉയർത്തുക, വിദ്യാഭ്യാസ – പരീക്ഷ പരിഷ്കാരം നടപ്പാക്കുക, സർവ്വകലാശാലകളെ ഗവേഷണ സർവ്വകലാശാലകളായി ഉയർത്തുക, പുതിയ സർവ്വകലാശാലകൾ ആരംഭിക്കുക, ഗവേഷണത്തിനും നൂതന ആശയങ്ങൾക്കും പ്രാമുഖ്യം നൽകുക, പിന്നോക്ക വിഭാഗങ്ങൾ, വനിതകൾ വിഭിന്നശേഷിയുള്ളവർ എന്നിവർക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് തുല്യത ഉറപ്പാക്കുക, തുടങ്ങിയവയാണ് ലക്ഷ്യങ്ങൾ |
| (സി) | പദ്ധതി നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണ് ; വിശദമാക്കുമോ; | (സി) | 65% കേന്ദ്ര സർക്കാരും 35% സംസ്ഥാന സർക്കാരുമാണ് വഹിക്കേണ്ടത്. |
| (ഡി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ഡി) | റൂസ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിനുവേണ്ടിയുള്ള |

| | | | |
|---|---|---|---|
| | വിശദാംശങ്ങൾ എന്തെല്ലാമാണ്? | | വ്യവസ്ഥകൾ പാലിച്ചുകൊള്ളാമെന്ന് കേന്ദ്ര സർക്കാരിനു സമ്മതപത്രം നൽകിയിട്ടുണ്ട്. റൂസ പദ്ധതിയ്ക്കുള്ള പണം നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുറന്നിട്ടുണ്ട്. റൂസ പദ്ധതി ധനസഹായം ലഭിക്കുന്നതിനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രപ്പോസലുകൾ പരിശോധിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കീഴിൽ രൂപീകരിക്കുന്ന 'ടെക്ക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ' സഹായിക്കുന്നതിനുവേണ്ടിയുള്ള വിദഗ്ദ്ധരുടെ പാനലിന് അംഗീകാരം നൽകിയിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ